
ഇ.ചന്ദ്രശേഖരൻ നായർ ജനമനസ്സുകളിൽ എന്നും

# ഉള്ളെഴുത്ത്

ഡിസംബർ 2017 വില ₹ 20



ISSN 2455-1147

9 772455 114007



## കാഴ്ചയുടെ ഉത്സവം കൊടിയിറങ്ങുമ്പോൾ

IFFK

## കോൺഗ്രസ് ഗാന്ധിജിക്കു ശേഷം

**കഥ**

# ആന



**ശിവദാസൻ.എ.കെ**

മലയടിവാരത്തിലെ കാലഭൈരവന്റെ ഉത്സവപ്പിറ്റേന്നാണ് ചെമ്പ്രങ്ങോട്ട് ഉണ്ണികൃഷ്ണൻ കാടുകയറിയത്.

ചെമ്പ്രങ്ങോട്ട് ഉണ്ണികൃഷ്ണനെന്നാൽ ആനയാണ്.

നാട്ടിൽ തലയെടുപ്പുള്ള പേരു കേട്ട കൊമ്പനാന.

ഉത്സവത്തിന് മൊത്തം അഞ്ചാനകളുണ്ടായിരുന്നു.

വെളുപ്പിനെയുള്ള കൂട്ടിയെഴുന്നള്ളിപ്പ് കഴിഞ്ഞപ്പോൾ നേരം നാലുമണി കഴിഞ്ഞു. ആനകളെ അമ്പലപ്പറമ്പിലുള്ള തെങ്ങുകളിൽ തളച്ച് പാപ്പാൻമാർ മയങ്ങാൻ കിടന്നു.

പാപ്പാൻമാർ മാത്രമല്ല. ഉത്സവത്തിന്റെ ക്ഷീണത്തിൽ ഗർഭഗൃഹത്തിൽ കാലഭൈരവനും, പടിഞ്ഞാറെ മൂലയിൽ നന്ദികേശനും കിഴക്കേ മൂലയിൽ വിഷ്ണുമായയും കൂടെ ഉറക്കമായിരുന്നിരിക്കണം.

ഉണ്ണികൃഷ്ണൻ സാധാരണ ആനകളെപ്പോലെയല്ല. കൂച്ചു വിലങ്ങ് ഇടുന്ന പതിവില്ല. തെങ്ങിൻ ചുവട്ടിൽ നിറുത്തി വെറുതേ തളച്ചതേ ഉള്ളൂ. അതിന്റെ പോലും ആവശ്യമില്ല. നല്ല മര്യാദക്കാരനാണ്. ചെത്തികൂർമ്പിച്ച് മനോഹരമായ ഉണ്ണികൃഷ്ണന്റെ വീണുകിടക്കുന്ന കൊമ്പിൽ ഇതു വരെ ചോര പുരണ്ടിട്ടില്ല. ആ ഉറപ്പിലാണ് ഒന്നാം പാപ്പാൻ സുബ്രൻ അവനെ അങ്ങിനെ വിട്ടത്.

പക്ഷേ നടന്നതെല്ലാം അതിശയകരമായ സംഭവങ്ങൾ തന്നെ.

വെള്ള കീറിയ കിഴക്കു നിന്നും കിളികൾ പടിഞ്ഞാറോട്ട് പറക്കാൻ തുടങ്ങിയിരുന്നു. പൂരമൊഴിഞ്ഞ അമ്പലപ്പറമ്പിലെ താല്കാലിക ഷെഡിൽ മയങ്ങിക്കിടക്കുമ്പോഴാണ് ഒരു ചങ്ങലകിലുക്കം കടന്നു പോകുന്നതായി സുബ്രന് തോന്നിയത്.

ഞെട്ടിപ്പിടഞ്ഞെഴുന്നേറ്റു.

കണ്ണു തിരുമ്മി ചുറ്റും നോക്കി.

അമ്പലപ്പറമ്പിൽ നിന്ന് തൊട്ടടുത്ത കാനനപാതയിലേക്ക് നീളുന്ന ഇടവഴി ഒരു ഗജരാജന്റെ കറുത്ത ചലനങ്ങളുമായി അന്തം വിട്ടു കിടന്നു.

ഏതാന?

ഉള്ളിലൊരാന്തലുമായി സുബ്രൻ എഴുന്നേറ്റു.

തെങ്ങിൻ ചുവട്ടിൽ ഉണ്ണികൃഷ്ണനില്ലെന്നറിഞ്ഞതും "നില്ലാനെ, നില്ലാനെ" എന്ന് പറഞ്ഞ് മുന്നോട്ടോടിയതും ഒപ്പം.

ഒച്ചയും ബഹളവും കേട്ട് ചുറ്റും പുറവും കിടന്നവർ എഴുന്നേറ്റ് വന്നു. രണ്ടാംപാപ്പാൻ മണി. ഏതാനും വാദ്യക്കാർ, ബാക്കിയായ കമ്മിറ്റിക്കാർ, ആനപ്പുറം കയറാൻ വന്ന കരാറ് പിള്ളേർ, മറ്റാനകളുടെ പാപ്പാൻമാർ എന്നിങ്ങനെ അവശേഷിച്ചവരൊക്കെ.

കാലഭൈരവന്റെ തൃക്കണ്ണിന് നേരെ കാടാണ്. ആ വഴിയിൽ താമസമില്ല.

ആനക്കു പിന്നാലെയെത്തിയ സുബ്രനെ തൊട്ടു തൊട്ടില്ലെന്നായപ്പോൾ മുൻപെങ്ങുമില്ലാത്തതു പോലെ ഉണ്ണികൃഷ്ണൻ തുമ്പിക്കൈയിൽ കോരി പിന്നോട്ട് തള്ളിയിട്ടു.

പന്ത്രണ്ടു കൊല്ലമായി സുബ്രനാണ് ഒന്നാം പാപ്പാൻ.

കണ്ണും, നഖവും തേൻ നിറമായി കടക്കണ്ണു ചുവന്ന് കവിൾ വീർപ്പിച്ച് ധാര മുറിയാതെ മദജലം ഒഴുകുമ്പോഴും സുബ്രനോടിങ്ങനെ പെരുമാറിയിട്ടില്ല.

പിന്നെന്തേ ഇന്നീ ഭാവമാറ്റം.

പൊടിമണ്ണിൽ വീണ സുബ്രനെ തൊട്ടു പിന്നിൽ ഓടി വന്ന മറ്റൊരാനയുടെ രണ്ടാം പാപ്പാൻ കനകരാഘവൻ പിടിച്ചെഴുന്നേൽപ്പിച്ചു.

പിന്നെയും നില്ലാനെ എന്ന് കയർത്ത് കുതിച്ച സുബ്രനെ കനകരാഘവൻ ചുണ്ടിൽ വിരൽ ചേർത്ത് മിണ്ടാതെ എന്നാംഗ്യം കാണിച്ചു.

കനകരാഘവൻ ചൂണ്ടിയിടത്തേക്ക് സുബ്രൻ നോക്കി.

അവിടെ അരണ്ട വെളിച്ചത്തിൽ ഇരുട്ടിന്റെ കൂടാരം പോലെ മറ്റൊരാന. കണ്ണു തെളിയുന്നില്ലെങ്കിലും ചട്ടക്കാരുടെ തഴക്കമാർന്ന നോക്കിൽ കനകരാഘവനും സുബ്രനും ഒരു കാര്യം മനസ്സിലായി. അതൊരു നാട്ടാനയല്ല.

പിന്നെ അതൊരു കാട്ടാനയാണ്. അതും പിടിയാന.

പിന്നിൽ അനന്തമായി കാട് ഉറങ്ങിക്കിടക്കുകയാണ്. വേറെയും ആനകളുണ്ടോ എന്നറിയില്ല. ആനകളെ കണ്ടതോടെ നിശ്ചേഷ്ടരായ ആളുകൾക്ക് മുന്നിലൂടെ ചെമ്പ്രങ്ങോട്ട് ഉണ്ണികൃഷ്ണൻ പിടിയാനയൊടൊപ്പം കാടു കയറിപ്പോയി.

ആനക്കു പിന്നാലെ കാടുകയറാനൊരുങ്ങിയ സുബ്രനെ ചിലർ തടുത്തു.

എന്ത് കരുതിയിട്ടാണ്.

നമുക്ക് ആലോചിച്ച് വഴിയുണ്ടാക്കാം. ഇപ്പോൾത്തന്നെ ആന പെരുമാറിയത് കണ്ടില്ലേ.

സുബ്രന് ജീവൻ തിരിച്ചു കിട്ടിയത് ഭാഗ്യം.

നീ പോയി മുതലാളീനെ വിവരറിയിക്ക്.

കനകരാഘവൻ പറഞ്ഞു.

സുബ്രന്റെ നെഞ്ചിലൊരു വെള്ളിടി വെട്ടി.

വെട്ടൊന്ന് മുറി രണ്ട് എന്നതാണ് ഗോപാലൻ ചേട്ടന്റെ പ്രകൃതം.

ആനയെ വേണ്ടത്ര ശ്രദ്ധയോടെ തളയ്ക്കാതിരുന്നത് തന്റെ തെറ്റാണ്. മുമ്പും പതിവുള്ളതല്ലേ എന്ന് പറയാനാവില്ല. ഒരുപ്രശ്നം വന്നാൽ മറുപടി പറയേണ്ടത് താൻ മാത്രമാണ്.

പക്ഷേ സുബ്രന് സങ്കടം അതല്ല.

ഈ പന്ത്രണ്ടു വർഷത്തിനിടയിൽ കളിയായിപ്പോലും തുമ്പിക്കൈ കൊണ്ട് ഒന്ന് തട്ടാത്തവനാണ്. ഇപ്പോൾ ഒരു പിടിയാനയെ കണ്ടപ്പോൾ, എല്ലാം മറന്ന് കോരിയെറിഞ്ഞത്.

ഒരു പെണ്ണ് വന്ന് തലേം മൊലേം കാണിച്ചപ്പോ തീർന്നു എല്ലാം. ചെറ്റകള്. എല്ലാ ആണുങ്ങളും കണക്കാണ്.

താനൊരു ആണാണെന്ന് സുബ്രൻ മറന്നു പോയി.

എന്നാലും ഒരു കാട്ടാന വന്ന് നാട്ടാനയെ കൂട്ടിക്കൊണ്ടുപോകുകയെന്നാൽ. മനുഷ്യൻമാര് ഒളിച്ചോടും പോലെ ആനകളും ചെയ്യുമോ.

ഈ പിടിയാനക്ക് ഉണ്ണികൃഷ്ണനനുമായി എന്ത് ബന്ധം.

നന്നെ ചെറുപ്പത്തിലെ കാട്ടിലെ ഒരു വാരിക്കുഴിയിൽ നിന്ന് കിട്ടിയതാണ് ഉണ്ണികൃഷ്ണനെ എന്ന് കേട്ടിട്ടുണ്ട്. അതിനു ശേഷം വർഷമെത്രയായി. പിന്നെ കാടുമായെന്തു ബന്ധം. ഒരു കാട്ടാനയേയും പരിചയമില്ല. ഇന്നു വയസ്സ് മുപ്പത്തി അഞ്ചായി ഉണ്ണികൃഷ്ണന്. എന്നിട്ടും വർഷങ്ങളുടെ പഴക്കവുമായി ഏതാനയാണ് ഉണ്ണികൃഷ്ണനെ വശീകരിക്കാനെത്തിയത്. ആനകൾക്കും മുൻജന്മ പ്രണയങ്ങളുണ്ടോ.

ആന പോയ വിവരത്തിന് മുട്ടൻ തെറിയോടെ ആണ് ഗോപാലേട്ടൻ പ്രതികരിച്ചത്.

ഇതെന്തൂട്ടണ്ടാ ആടോ പട്ട്യോ വല്ലതാണോ കണ്ടില്ലെന്ന് പറയാൻ.

പള്ള നിറച്ച് ചാരായം കിട്ട്യാ പിന്നെ നെനക്കൊന്നും ആനേ വേണ്ടല്ലോ. ഒരു കോടീടെ മൊതലാ, കോടീടെ. ഗോപാലേട്ടന് അപ്പുറത്ത് ശ്വാസം മുട്ടി.

സുബ്രൻ ഫോണുമായി കേട്ടു നിന്നതേയുള്ളൂ.

മുൻകോപിയെങ്കിലും നല്ലവനാണ് ഗോപാലേട്ടൻ. തന്നോട് ഇങ്ങനെയൊന്നും പറയാറില്ല. പക്ഷേ പറഞ്ഞിട്ട് കാര്യമില്ല. ഗോപാലേട്ടന്റെ സ്ഥാനത്ത് താനാണെങ്കിലും

പറഞ്ഞുപോകും.

ഇനിയെന്താ മാർഗ്ഗം.

സംഗതി ചില്ലറയല്ല. കാടുകറിപ്പോയ ആന തിരിച്ചിറങ്ങണമെന്നില്ല. എന്തു വില കൊടുത്തും ഗോപാലേട്ടൻ ആനയെ തിരിച്ചിറക്കുമെന്നുറപ്പാണ്. പക്ഷേ എളുപ്പമല്ല. വലിയ ചിലവുണ്ട്. ആനകൾ കാടുകയറുന്നത് എപ്പോഴും സംഭവിക്കുന്ന കാര്യമല്ല.

നേരം വെളുത്തതോടെ മറ്റാനകൾ തിരികെ പോയി. കനകരാഘവനെ പ്രത്യേകം പറഞ്ഞ് കൂടെ നിർത്തി.

കനകരാഘവന് ഉണ്ണികൃഷ്ണനോട് നേരിയ അസൂയയുണ്ടെന്നത് നേരാണ്. ഉണ്ണികൃഷ്ണനുള്ളിടത്ത് അവന്റെ ആന ചന്ദ്രശേഖരന് തിടമ്പ് കിട്ടാറില്ല. അല്ല ആർക്കാണ് ഉണ്ണികൃഷ്ണനോട് അസൂയ തോന്നാത്തത്.

പതിനെട്ടു വീതമാണ് നഖങ്ങൾ. തുമ്പിക്കൈ നിലത്തിഴയുന്നു. ഉരുണ്ട അടിവയർ, എണ്ണക്കറുപ്പ് നിറം, തേൻ നിറത്തിൽ കണ്ണുകൾ, വിടർന്ന ചെവി. വിരിഞ്ഞ മസ്തകം അങ്ങനെ ആനചന്തത്തിൽ പകരം വെക്കാനില്ലാതെ വളരുകയാണ് ഉണ്ണികൃഷ്ണൻ.

കൂടുതൽ തലയെടുപ്പുള്ള ആനയുടെ പാപ്പാനും ഡിമാന്റാണ്.

ആനപ്രേമികളുടെ പ്രത്യക സമ്മാനങ്ങൾ കിട്ടും.

ഇതൊന്നുമില്ലെങ്കിലെന്ത്. നിറന്ന പൂരത്തിന് തിടമ്പു വെച്ച കൊമ്പന്റെ മുന്നിൽ നിൽക്കുക എന്ന ഒറ്റക്കാര്യം മതിയല്ലോ.

ഉണ്ണികൃഷ്ണന്റെ തിരോധാനം ആനപ്രേമികളെ നടുക്കുമെന്ന് ഉറപ്പാണ്.

കേട്ടറിഞ്ഞ് , കേട്ടറിഞ്ഞ് ആളുകൾ കൂടാൻ തുടങ്ങി.

നാട്ടുകാരും, പത്രക്കാരും അങ്ങനെ എത്ര പേരാണ്.

സുബ്രൻ നിശബ്ദനായിരുന്നു.

തീരാത്ത ചിന്തകൾ തലക്കകത്ത് മൂളിപ്പറന്നു. ആ പിടിയാന. അതെങ്ങനെ വന്നു.

ആനയെ ശരിക്ക് നോക്കാത്തവനെന്ന പേരാണോ തന്നെ കാത്തിരിക്കുന്നത്.

ഗജശാസ്ത്രപ്രകാരം മൂന്നു തരം പാപ്പാൻമാരുണ്ടത്രേ. രേഖാവാൻ, യുക്തിമാൻ, ബലവാൻ. ആനയുടെ സുഹൃത്തും സംരക്ഷകനുമായി എപ്പോഴും ആനക്കിഷ്ടമുള്ള രീതിയിൽ പ്രവർത്തിക്കുന്നയാളാണ് രേഖാവാൻ. യുക്തിക്കനുസരിച്ച് ആനയുടെ മാത്രമല്ല സ്വന്തം ഇഷ്ടങ്ങളും കൂടി നോക്കിയാണ് യുക്തിമാൻ പ്രവർത്തിക്കുക, എന്നാൽ തങ്ങളുടെ ബലം മുഴുവൻ ആനയുടെ മേൽ പ്രയോഗിക്കാനാണ് ബലവാനിഷ്ടം.

താനിതിൽ ഏതു ഗണത്തിലാണ്. സുബ്രൻ ഓർത്തു നോക്കി.

ആദ്യഗണത്തിൽ പെടാനാണ് തനിക്കിഷ്ടം.

അങ്ങിനെയാണോ.

എങ്ങനെയെന്ന് പറയേണ്ടത് സത്യത്തിൽ ആരാണ്.

ആനകൾക്ക് പറയാനാവില്ലല്ലോ.

സന്ധ്യയാകും മുമ്പേ ഗോപാലേട്ടൻ സ്ഥലത്തെത്തി. കൂടെ മയക്കുവെടിക്കാരുണ്ട്, ഫോറസ്റ്റ് കാരുണ്ട്. വേറെയും ചിലർ.

കാട്ടിൽ കുറെ പോയാൽ ഒരു തടാകമുണ്ടെന്നും, വേനലിൽ വെള്ളം അവിടെ മാത്രമായതിനാൽ ആനക്കൂട്ടം അവിടം വിട്ടുപോകില്ലെന്നും ഫോറസ്റ്റ്കാർ വിലയിരുത്തി.

പിറ്റേന്ന് വെളുപ്പിനെയാണ് സംഘം കാടുകയറിയത്. വഴികാട്ടാനെത്തിയ ആദിവാസിപ്പയ്യൻ ചന്ദ്രൻ മുന്നേ നടന്നു.

കൊടും വേനലിലും ചോരാത്ത പച്ചപ്പിന്റെ വന്യത അവരെ എതിരേറ്റു.

നോക്കുന്നിടത്തെല്ലാം ആന ഒടിച്ചിട്ട ചെടിത്തലപ്പുകളോ, ഈറ്റക്കൂട്ടങ്ങളോ ആണ്.

ഈറ്റക്കൂട്ടങ്ങൾക്കിടയിലൂടെ വളഞ്ഞും പുളഞ്ഞും പോകുന്ന ആനത്താരകൾ.

ചുറ്റും ആനച്ചൂരേ ഉള്ളൂ.

എവിടെ നിന്നൊക്കെയോ കാടരിച്ചിടുന്ന ചിന്നം വിളികൾ.

തടാകത്തീരത്ത് കാത്തു നിൽക്കാൻ തുടങ്ങിയിട്ടേറെയായി.

ഉച്ചവെയിൽ മറയുന്നതു വരെ ആനക്കൂട്ടത്തിന്റെ ലക്ഷണം കണ്ടില്ല.

ഏതാനും കേഴമാനുകൾ വെള്ളം കുടിച്ചു മടങ്ങി. പിന്നെയൊരൊറ്റയാൻ കാട്ടുപന്നി.

ഇരുട്ടുന്നതിനു മുമ്പേ വരണം. അല്ലെങ്കിൽ ബുദ്ധിമുട്ടാണ്.

ആരോ പിറുപിറുക്കുന്നു.

വൈകാതെ മുകളിലായി കൂറ്റിക്കാടുകൾ ഇളകാൻ തുടങ്ങി.

ആനക്കൂട്ടം പതിയെ താഴേക്കിറങ്ങുന്നതിന്റെ ലക്ഷണങ്ങൾ കണ്ടു തുടങ്ങി.

സുബ്രന്റെ മനസ്സിൽ ഒരു ചോദ്യം ഇരമ്പി.

അക്കൂട്ടത്തിൽ ഉണ്ണികൃഷ്ണനില്ലെങ്കിൽ.

ആദ്യം വന്നത് ഒരു പിടിയാനയാണ്.

അതിനും പിന്നിലായി ഉണ്ണികൃഷ്ണൻ.

അതാ. സുബ്രൻ പരിസരം മറന്ന് കൈ ചൂണ്ടി.

സുബ്രൻ പറയാതെ തന്നെ അവർക്കെല്ലാം ഉണ്ണികൃഷ്ണനെ മനസ്സിലായിരുന്നു.

ഇടക്കൊളുത്ത് വിടാതെ ചങ്ങല അപ്പോഴും അവന്റെ ദേഹത്തുണ്ടായിരുന്നല്ലോ.

മയക്കുവെടിക്കാരൻ തോക്കു ശരിയാക്കുന്നു. ഉന്നം തെറ്റാതെ അത് ഉണ്ണികൃഷ്ണനെ തേടി ചെന്നു.

മരുന്നു പ്രവർത്തിക്കാൻ സമയമെടുക്കും . അതുവരെ ഇവിടെ നിൽക്കണം. മയക്കുവെടിക്കാരൻ ഡോക്ടറുടെ മുന്നറിയിപ്പ്.

ആനക്കൂട്ടം പേടിച്ചു പിന്നോട്ടു നീങ്ങുന്നു. കൂടെ ഉണ്ണികൃഷ്ണനും.

അവരെ അമ്പരപ്പിച്ചു കൊണ്ട് പിന്നോട്ടു പോയ ആനക്കൂട്ടം വീണ്ടും തിരികെ വരുന്നതു കണ്ടു. അത് ഉണ്ണികൃഷ്ണനു ചുറ്റും നിലയുറപ്പിച്ചു.

ഇരുളിന്റെ മാറിലേക്ക് ആരോ കൈയ്യിലുള്ള പാത്രങ്ങൾ കൊട്ടി ഒച്ചയുണ്ടാക്കി. ചില കുരവകൾ കൂവലുകൾ.

പക്ഷേ ആനക്കൂട്ടത്തിനൊരു കുലുക്കവുമില്ല. അവർ രണ്ടും കൽപ്പിച്ചു നിൽക്കുന്നതു പോലെയുണ്ട്.

സെഡേറ്റീവ്സ് അധികനേരം നിൽക്കില്ല. ഏറിയാൽ ആറുമണിക്കൂർ.

ഡോക്ടറുടെ മുന്നറിയിപ്പ്.

സുബ്രനും കനകരാഘനും നിസ്സഹായരായി.

ആനക്കൂട്ടം അകലാതെങ്ങനെ ആനയെ തളക്കും.

നേരം വെളുക്കുന്നതിന്റെ ലക്ഷണങ്ങൾ കണ്ടു തുടങ്ങി.

മയക്കം വിട്ടുണർന്ന ആന തുടരെ തുടരെ ചിന്നം വിളിച്ചു. ഒടുവിൽ ആനക്കൂട്ടത്തോടൊപ്പം വീണ്ടും കാട്ടിലേക്ക് കയറിപ്പോകുന്നത് അവർ കണ്ടു.

ഒരു രാത്രി കാത്തുനിന്നതിലുള്ള നിരാശ മാത്രം എല്ലാവരുടേയും മുഖത്ത്.

ആനകളെ അകറ്റാൻ കൂടുതൽ സംവിധാനങ്ങൾ വേണം. വേണ്ടി വന്നാൽ താപ്പാനകളെ ഇറക്കേണ്ടി വരും. പോയി തിരിച്ചു വരികയാണ് നല്ലത്. ചുറ്റും ചർച്ചകൾ പുരോഗമിക്കുന്നു.

സംഘം തിരിച്ചെത്തുമ്പോഴേക്കും നാട്ടിൽ ഒരു വലിയ സംസാരമായിക്കഴിഞ്ഞിരിക്കുന്നു.

ഒരു പിടിയാനയേ കണ്ട് നാട്ടാന കാടുകയറുകയില്ലെന്നും പാപ്പാൻമാരുടെ കൊള്ളരുതായ്മകളാണ് ആനയെ കാടുകയറ്റിയതെന്നും വരെ സംസാരങ്ങൾ നീളുന്നു.

കാട്ടിൽ നിന്നുള്ള വാർത്തകളും ശുഭമല്ല. കാട്ടാനക്കൂട്ടം എന്തേ വിട്ടു പോകുന്നില്ല.

സുബ്രൻ ഗോപാലേട്ടന് അധികം മുഖം കൊടുക്കാതെ നടന്നു.

എത്ര പേരാണ് കേട്ടറിഞ്ഞ് വരുന്നത്. ആനപ്രേമികൾ, ആനയുടമസംഘക്കാർ, പത്രക്കാർ.

ഏത് ആൺ ജീവിക്കും കാണില്ലെ ഒരു പെണ്ണിനൊപ്പം ജീവിക്കാനൊരു കൊതി.

തർക്കങ്ങൾ നീളുന്നു.

അടുത്ത യാത്ര തീരുമാനമാകുന്നതേ ഉള്ളൂ.

അമ്പലപ്പറമ്പിലെ ഷെഡിൽ സുബ്രനൊന്ന് മയങ്ങണമെന്ന് തോന്നി.

നളിനി ഫോൺ വിളിച്ച് വെച്ചതേയുള്ളൂ. ആദ്യശ്രമം പരാജയപ്പെട്ടന്നറിഞ്ഞപ്പോൾ അവളുടെ സ്വരത്തിലെ ഉത്കണ്ഠ തൊട്ടറിയാം.

ഇനീപ്പോ എന്താവും.

ഒരു മയക്കം അയാളെ തേടിയെത്തി. അപ്പോൾ സുബ്രനൊരു സ്വപ്നം കണ്ടു. അതിൽ അടുത്തെവിടേയോ ലജ്ജ ചാലിച്ച കണ്ണുകളുമായി നളിനി ഇരിക്കുന്നു. അവൾ വിവസ്ത്രയായിരുന്നു. കൊഴുത്ത അവയവങ്ങളിൽ നിലാവ് ഉമ്മ വെക്കുന്നു. വികാരത്തിന്റെ മൂർദ്ധന്യത്തിൽ അവൾ സുബ്രനിലേക്ക് ആഴുന്നു. നോക്കി നിൽക്കെ അവളുടെ മുഖത്തിന് ഒരാനയുടെ ചായ. ഭോഗത്തിൽ തളരുന്നത് ഇപ്പോൾ സുബ്രനല്ല. ഒരു കൊമ്പനാന.

കാട് പൂത്തിരിക്കുന്നു.

മദം പൊട്ടിയ മാനത്തു നിന്നും മഴത്തുള്ളികൾ പൂക്കളെ ഉമ്മ വെക്കുന്നു.

ചങ്ങലക്കൊളുത്തുമായി വനത്തിന്റെ ഏകാന്തതയിലേക്ക് കടന്നുപോകുന്ന ഒരാന മാത്രമായി സ്വപ്നം ചുരുങ്ങുന്നു.

സുബ്രൻ എഴുന്നേറ്റിരുന്നു.

രാത്രിയായിരിക്കുന്നു.

താൻ തൊഴിൽ രഹിതനായിരിക്കുന്നു എന്ന് ഒരങ്കലാപ്പാടെ അയാൾ തിരിച്ചറിഞ്ഞു.

ആനയുടെ വട്ടം പിടിച്ച ചെവിയിൽ കാടിന്റെ വിളിയാണോ നാമറിയാതെ വന്നു വീഴുന്നത്.



ചട്ടം പഠിക്കാനിറങ്ങിയ സുബ്രനോട് ഗുരുവായ ചന്തുക്കുട്ടി പറഞ്ഞിട്ടുണ്ട്. കാട്ടിൽ കഴിയാൻ കൊതിക്കുന്നതിനെ നാട്ടിൽ കെട്ടുന്ന ഒരു പണിയാണിത് മറക്കരുത്.

മറവിയിലേക്ക് മടങ്ങിപ്പോകാതെ മൂക്കത്ത് തങ്ങി നിൽപ്പുണ്ട് ചോരയുടെ ചൂര്.

കേളി കേട്ട ഉത്സവപ്പിറ്റേന്ന് മദക്കോളുള്ള ഒരാനയുടെ കൊമ്പിൽ തീരുകയായിരുന്നു ചന്തുക്കുട്ടി.

അതേ, ആനച്ചോറ് കൊലച്ചോറാണ്.

അതറിഞ്ഞിട്ടും എന്തേ ചിലർ.

സുബ്രന്റെ ഓർമ്മയിലൊരു പൂരപ്പറമ്പ് തെളിഞ്ഞു.

ഇളം വെയിലിൽ നിരന്ന ആനക്കൂട്ടത്തിനു താഴെ വിസ്മയം കൊണ്ടു നിൽക്കുകയാണ് അച്ഛന്റെ തോളത്തിരിക്കുന്ന കുട്ടി.

അവന് ആനവാലു വേണം.

ആന എന്നും അവന് വിസ്മയമായിരുന്നു.

അവന്റെയച്ഛൻ ഒരോ പാപ്പാൻമാരോടുമായി ചോദിക്കുന്നു.

"കൂട്ടീടെ ഒരാശയല്ലേ ഒരു മുടി."

അതൊന്നും ഇപ്പപതിവില്ല. ഒരാൾക്ക് കൊടുത്താൽ വേറൊരാൾ

ആനവാല്ലില്ലാതെ മടങ്ങുന്നതിന്റെ നിരാശ ആനയെന്ന ഭീമാകാരന്റെ കൗതുകത്തിൽ തട്ടി അലിഞ്ഞു പോകുന്നത് അവൻ കണ്ടു. ആനക്ക് മുന്നിൽ വിരൽ പോലെ നിന്ന മനുഷ്യരോട് അവന് ദേഷ്യം തോന്നി. ഒപ്പം ബഹുമാനവും.

അവർക്കെന്തേ ഒരു വാല് മുറിച്ചു തന്നാൽ.

വളരുന്നതോടൊപ്പം വളർന്ന ഈ ഭ്രാന്താണ് സുബ്രനെ പാപ്പാനാക്കിയത്. ഏതാനക്കു മുന്നിലും കൂസാത്ത പേരെടുത്തവനാക്കിയത്.

എന്നിട്ടിപ്പോൾ എല്ലാം ഒറ്റ രാത്രി കൊണ്ട് കീഴ്മേൽ മറിഞ്ഞുവോ.

പിറ്റേന്ന് പുറപ്പെട്ട സംഘത്തിന് കുറേക്കൂടി വ്യക്തതയുണ്ടായിരുന്നു.

അധികം വൈകാതെ തന്നെ അവർ ആനയുമായി മുഖാമുഖം വന്നു. .

വീണ്ടും ഒരു മയക്കു വെടി കൂടി.

ആനക്കൂട്ടം കാട്ടിലേക്ക് കയറി.

കാട്ടിലെവിടേയോ ആനയുണ്ട്. മയങ്ങാനുള്ള സമയം കൊടുക്കണം.

അഞ്ചോ , ആറോ ഗുണ്ടുകൾ പൊട്ടിച്ചെറിഞ്ഞു.

ആനക്കൂട്ടം അങ്ങോട്ടുമിങ്ങോട്ടും മറയുന്നതിന്റെ ലക്ഷണങ്ങൾ.

പരിചയമുള്ളോരാൾ മുന്നിൽ പോകണം.

ഒറ്റച്ചട്ടക്കാരനാണ് ഉണ്ണികൃഷ്ണൻ. എല്ലാവർക്കും അതറിയാം. സുബ്രനില്ലാതെ പറ്റില്ല.

ഒരു കൈയ്യിൽ തോട്ടിയും മറുകൈയ്യിൽ ചങ്ങലപ്പൂട്ടുമായി സുബ്രൻ മുന്നോട്ട് നടന്നു.

അടുത്തെങ്ങും ആനയില്ല.

ആനയെ കണ്ടാൽ കൂച്ചുവിലങ്ങിട്ട് സുബ്രൻ അടയാളം കൊടുക്കണം.

ചുള്ളികൾ ചവിട്ടിക്കേറി ഈറക്കൂടാരങ്ങൾക്കിടയിലൂടെ സുബ്രൻ നടന്നു.

ചുറ്റും ഇരമ്പുന്ന കാട്ടുപ്രാണികളുടെ കൂത്താണ്.

എവിടെ നിന്നൊക്കെയോ മനുഷ്യർക്ക് തിരിച്ചറിയാനാവാത്ത കാടിന്റെ നിലവിളികൾ.

നടന്നു നീളവെ ഒരിടത്ത് വഴി തടയുന്നു.

കരിങ്കറുപ്പിന്റെ കൂടാരം.

മെല്ലെ ആടുന്ന ചെവികൾ.

ഉണ്ണികൃഷ്ണൻ.

ആന മയങ്ങിയിട്ടില്ല എന്ന് ഒരു നടുക്കത്തോടെ സുബ്രൻ തിരിച്ചറിഞ്ഞു.

ചെവിയിലിരുന്ന് ചന്തുകുട്ടി മന്ത്രിക്കുന്നതുപോലെ.

ആനയെ വിശ്വസിക്കാൻ പറ്റില്ല. അതുപോലെ മനസ്സിലാക്കാനും.

ആദ്യമായി ആനയെ കണ്ട കുട്ടിയേപ്പോലെ സുബ്രനൊന്ന് പകച്ചു. പിന്നെ ഒരു പാപ്പാന്റെ വീറ് വീണ്ടെടുത്ത് തോട്ടിയുയർത്തി.

എടത്തിയാനെ

ഉണ്ണികൃഷ്ണൻ വിസമ്മതം കൂടാതെ അനുസരിച്ചു.

വലത്തിയാനെ

അതും അങ്ങിനെ തന്നെ.

സുബ്രനും ഉണ്ണികൃഷ്ണനും മുഖത്തോടു മുഖം നോക്കി നിന്നു.

ഇനിയൊരാജ്ഞയേ വേണ്ടു ആന മുന്നോട്ട് നടക്കാനെന്ന് സുബ്രനറിയാം. സുബ്രന്റെ മനസ്സിൽ തലേന്നു കണ്ട സ്വപ്നം പത്തിവിടർത്തിയാടി.

അവൻ മുന്നോട്ടാഞ്ഞ് ആനയുടെ അവശേഷിച്ച ചങ്ങല കൂടെ അഴിച്ചെടുത്തു.

"ധിറ്റാനെ"*

അവനാജ്ഞാപിച്ചു. ആന കാട്ടിലേക്ക് തിരിച്ചു നടന്നു. തോട്ടിയും ചങ്ങലയുമായി തിരിച്ചു നടക്കവെ സുബ്രൻ തിരിഞ്ഞു നോക്കി. ഉണ്ണികൃഷ്ണനെ പിൻതുടർന്ന് ഒരു പിടിയാന നടക്കുന്നുണ്ടോ.

* പുറകോട്ട് നടക്ക് •

---

*തുടർച്ച പേജ്: 57*

എന്താണ് പറയുവാനുള്ളത്!

ജൈനദിഗംബരപ്രതിമകളെ നശിപ്പിക്കാനാകില്ലല്ലോ! നഗ്നസന്യാസികളും പൂർണ്ണനഗ്നാവസ്ഥയിലുള്ള സാലഭഞ്ജികകളും നമ്മുടെ രാജ്യത്തിന്റെ മാത്രം പ്രത്യേകതകളാണ്. ഹൈന്ദവഫാസിസ്റ്റുകളുടെ ഇരട്ടത്താപ്പ് ഈ വക പ്രശ്നങ്ങളിൽ തുറന്നുകാട്ടപ്പെടുന്നു. കലയോടും കലാകാരന്മാരോടും മതഫാസിസ്റ്റുകൾ പുലർത്തുന്ന അസഹിഷ്ണുതയാണ് കഥാകൃത്തിനെ ചൊടിപ്പിക്കുന്നത്.

ഏതു നാടൻ സാഹചര്യവും രചയിതാവിന്റെ തൂലികാസ്പർശമേൽക്കുമ്പോൾ അത്ഭുതകരമായ സജീവത ആർജ്ജിക്കുന്നു. സൂക്ഷ്മമായ ജീവിതനിരീക്ഷണശക്തി ഒട്ടുമിക്ക കഥകളിലും പതിഞ്ഞുകാണുന്നു. പാലിസ്ഥിതികാവബോധം, ആൺകോയ്മയിൽ ഞെരിഞ്ഞമരുന്ന പെണ്ണവസ്ഥ, അരികുവൽക്കൃത വിഭാഗത്തിന്റെ ആക്രന്ദനങ്ങൾ തുടങ്ങി ആധുനികസാഹിത്യമുയർത്തുന്ന പ്രശ്നങ്ങളെ അമൽ തിരിച്ചറിഞ്ഞ് അടയാളപ്പെടുത്തുന്നുണ്ട്. മുൻപ് സൂചിപ്പിച്ചതുപോലെ ഫാസിസ്റ്റ് അസഹിഷ്ണുതയ്ക്കെതിരെ ശക്തമായ വാദമുഖങ്ങൾ ഉയർത്താനുള്ള സന്നദ്ധതയും പ്രകടിപ്പിക്കുന്നു. സ്വതന്ത്രചിന്തയുടെ വക്താക്കളായ ബുദ്ധിജീവികളെയും കലാകാരന്മാരെയും വകവരുത്താനും അവരെ നാടുവിട്ടുപോകണമെന്ന് കൽപ്പിക്കാനും ഒരുമ്പെടുന്നവർക്കെതിരെയുള്ള അമലിനെപ്പോലുള്ളവരുടെ ആവിഷ്ക്കാരങ്ങൾക്ക് ഏറെ പ്രസക്തിയുണ്ട്. ബൗദ്ധികത ഈ കഥകളുടെ കരുത്താണ്. ഓരോ കഥയും തുടർവായനകൾക്ക് അനുവാചകനെ പ്രേരിപ്പിക്കുന്നു. അതാകട്ടെ പുതിയ സൗന്ദര്യതലങ്ങളിലേക്ക് അവനെ ആനയിക്കുന്നു. ഏതു പ്രമേയത്തിനും അനുയോജ്യമായ രചനാരീതി കഥാകൃത്ത് കൈക്കൊള്ളുന്നു. മാനവികതയുടെ ഉദാത്തമായ ഉൾക്കരുത്ത് ഈ രചനകൾക്കെല്ലാം അവകാശപ്പെട്ടതാണ്.